(ബി) പട്ടികകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള പ്രതിമാസം 20 യൂണിറ്റിൽ കവിയാതെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്കും കുടിർ ജ്യോതി വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്കും സൗജന്യമായി വൈദ്യുതി ലഭ്യമാക്കുന്നുണ്ട്.

(ഡി) 31-3-2004 വരെ 4621 ഉപഭോക്താക്കളാണ് ഈ വിഭാഗത്തിലുള്ളത്.

(ഇ) 31-3-2004-ൽ അവസാനിച്ച വർഷത്തിൽ ഈ ഇനത്തിൽ 3.80 കോടി രൂപ ചെലവഴിക്കേണ്ടിവന്നു.

(എഫ്) ഐ.റ്റി. രംഗത്തെ വ്യവസായ സ്ഥാപനങ്ങൾക്ക് വ്യവസായ നിരക്കായ LT IV താരിഫിലും സർവ്വീസ് മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് എൽ.റ്റി. VI (ബി) താരിഫിലും വാണിജ്യ സ്ഥാപനങ്ങൾക്ക് എൽ.റ്റി. VII താരിഫിലുമാണ് വൈദ്യുതി നൽകുന്നത്.

(ജി) വ്യത്യസ്ത താരിഫ് നിരക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഐ.ടി. രംഗത്തെ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇളവുകൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല. 31-3-2004 അവസാനിച്ച വർഷത്തിൽ ബോർഡിന്റെ മൊത്ത ചെലവിന്റെ അടിസ്ഥാനത്തിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി ചെലവ് 4 രൂപ 56 പൈസ ആകുമ്പോൾ എൽ.റ്റി.-എ IV വ്യാവസായിക ഉപഭോക്താക്കളിൽ നിന്നും ഒരു യൂണിറ്റിന് 4 രൂപ 7 പൈസ എന്ന് നിരക്കിലും എൽ.റ്റി. VI വാണിജ്യേതര വിഭാഗത്തിലെ ഉപഭോക്താക്കളിൽ നിന്നും 5 രൂപ 77 പൈസ എന്ന നിരക്കിലും എൽ.റ്റി. VII വാണിജ്യ വിഭാഗത്തിൽ നിന്നും 6 രൂപ 59 പൈസ എന്ന നിരക്കിലുമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്.

താരിഫ് റേറ്റ് ബില്ലിന്റെ മറുപുറത്ത് രേഖപ്പെടുത്താൻ നടപടി

18 [336] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ദ്വൈമാസ ബില്ലിംഗ് സിസ്റ്റം നടപ്പിലാക്കിയതിനുശേഷം ഓരോ സ്ളാബിൽപ്പെട്ട ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന താരിഫ് റേറ്റ് കാണിക്കുന്ന പട്ടിക ബില്ലിന്റെ മറുപുറത്ത് സൂചിപ്പിച്ചിരുന്ന സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഓരോ ഉപഭോക്താക്കളും ഉപയോഗിച്ച ഒരു യൂണിറ്റ് കറണ്ടിന് നൽകേണ്ട വില എത്രയെന്ന് വ്യക്തമായി ബില്ലിന്റെ മറുപുറത്ത് രേഖപ്പെടുത്താൻ വേണ്ട നിർദ്ദേശം ബോർഡിന് നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ഇലക്ട്രിസിറ്റി എന്താവശ്യത്തിന് ഉപയോഗിക്കുന്നു എന്നതിനെ ആസ്പദമാക്കിയാണ് അതിന്റെ താരിഫ് നിശ്ചയിക്കുന്നത്. ഓരോ വിഭാഗത്തിനും വ്യത്യസ്ത താരിഫ് നിരക്കുകളാണുള്ളത്. വൈദ്യുതിയുടെ ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് യൂണിറ്റിന്റെ നിരക്കിൽ വ്യത്യാസം വരുന്നു. ആയതിനാൽ ബില്ലിന്റെ മറുപുറത്ത് ഓരോ ഉപഭോക്താവും വൈദ്യുതിക്ക് നൽകേണ്ട വില രേഖപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

വോൾട്ടേജ് ക്ഷാമംമൂലം കുടിവെള്ള പദ്ധതിയുടെ തടസ്സം

19 [337] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താനൂർ കാക്കശ്ശേരി കുടിവെള്ള പദ്ധതി വോൾട്ടേജ് ക്ഷാമംമൂലം പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുക്കം സെക്ഷന്റെ പരിധിയിൽ നിന്നും മാവൂർ കെ.എസ്.ഇ.ബി. സെക്ഷന്റെ കീഴിലേയ്ക്ക് ഈ പദ്ധതിയുടെ കണക്ഷൻ മാറ്റിയാൽ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ കണക്ഷൻ എന്ന് മാറ്റി നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഒരു മാസത്തിനകം മാറ്റി നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

20 [338] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2002-ന് മുമ്പ് ഒപ്പുവെച്ച ഏതൊക്കെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തികളാണ് കാസർഗോഡ് ജില്ലയിലെ പീലിക്കോട്, തൃക്കരിപ്പൂർ, പടന്ന, ഭീമനടി, നീലേശ്വരം സെക്ഷനുകളിലും കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ, പാടിയോട്ടുചാൽ, വെള്ളൂർ സെക്ഷനുകളിലും ഉള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അവ ഓരോന്നും എപ്പോൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly